പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2415

18.12.2012-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ- സംസ്ക്കരണ വ്യവസായ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര ഭക്ഷ്യ- സംസ്ക്കരണ വ്യവസായ മന്ത്രാലയത്തിൻെറ പദ്ധതികൾ ഏതു വകുപ്പ് മുഖേനയാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നതെന്നും ഇതുവരെ ഏതെല്ലാം സംരംഭങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) കേന്ദ്ര ഭക്ഷ്യ- സംസ്ക്കരണ വ്യവസായ മന്ത്രാലയത്തിൻെറ പദ്ധതികൾ വ്യവസായ വകുപ്പു മുഖേനയാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. കിൻഫ്രയാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. 10-ാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൻെറ വിവിധ പദ്ധതികളിലായി 119 പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അവയ്ക്ക് 4392 ലക്ഷം രൂപ നോഡൽ ഏജൻസി വഴി ലഭ്യമാക്കുകയും ചെയ്തു. എന്നാൽ 11-ാം പഞ്ചവത്സര പദ്ധതിയിൽ ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൻെറ ധനസഹായം വികേന്ദ്രീകരിച്ച് ബാങ്കുകൾ വഴിയാണ് വിതരണം ചെയ്യുന്നത്. ഇതു പ്രകാരം 21 -ാളം പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും 577.73 ലക്ഷം രൂപ ലഭ്യമാക്കുകയും ചെയ്തു.<br><br>12-ാം പഞ്ചവത്സര പദ്ധതിയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ദേശീയ ഭക്ഷ്യ സംസ്ക്കരണ മിഷൻെറ ചുവടു പിടിച്ച് സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷൻെറ പദ്ധതികൾ താഴെ പറയുന്നു. |

1.ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനികവൽക്കരണത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക. സംരംഭകന് ഈ ഇനത്തിൽ 50 ലക്ഷം രൂപ വരെ ഗ്രാൻറ് ലഭിക്കുന്നു.

2.കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനും റീഫർ വെഹിക്കിൾസ് സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. സംരംഭകന് ഈ ഇനത്തിൽ ലഭിക്കാവുന്ന ഗ്രാൻറ് 10 കോടി രൂപവരെയാണ്.

3. മാനവ വിഭവശേഷി വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

- ഭക്ഷ്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ട് ഡിഗ്രി, ഡിപ്ലോമാ കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പരമാവധി 75 ലക്ഷം രൂപവരെ ഗ്രാൻറ് നൽകുന്നു.
- വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്നതിന് സഹായം നൽകുന്നു.
- ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

4. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതികൾ.

| | |
|---|---|
| (ബി) പദ്ധതി നടത്തിപ്പിന് നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിൻെറ വിശദാംശം വെളിപ്പെടുത്തുമോ ? | ബി) പദ്ധതി നടത്തിപ്പിന് നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ